**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3583** **02-03-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിലെ അഞ്ചൽ, ഏരൂർ, കുളത്തൂപ്പുഴ, ആര്യൻകാവ്, തെന്മല, കരവാളൂർ, ഇടമുളക്കൽ പഞ്ചായത്തുകളിലും, പുനലൂർ നഗരസഭയിലുമായി ആകെ എത്ര ഭിന്നശേഷിക്കാരായ ആളുകൾ ഉണ്ട്; | (എ) | 2015-ലെ ഭിന്നശേഷി സർവ്വേ പ്രകാരം പുനലൂർ മണ്ഡലത്തിലെ ഭിന്നശേഷിക്കാരായ ആളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. അഞ്ചൽ - 847, ഏരൂർ - 900, കുളത്തൂപ്പുഴ - 932, ആര്യങ്കാവ് - 333, തെന്മല - 602, കരവാളൂർ - 531, ഇടമുളക്കൽ - 768, പുനലൂർ നഗരസഭ - 1335 |
| (ബി) | ഇവരിൽ എത്ര പേർക്ക് മെഡിക്കൽ ബോർഡ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പുനലൂർ മണ്ഡലത്തിൽ ഇനിയും ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുണ്ടോ; | (ബി) | മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ എണ്ണം ചുവടെ ചേർക്കുന്നു<br><br>.അഞ്ചൽ - 373, ഏരൂർ - 416, കുളത്തൂപ്പുഴ - 422, ആര്യങ്കാവ് - 152, തെന്മല - 298, കരവാളൂർ - 311,<br><br>ഇടമുളക്കൽ - 357, പുനലൂർ നഗരസഭ – 579<br><br>ഇനിയും ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവർ ഉണ്ട്. |
| (സി) | എങ്കിൽ അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അവർക്ക് എന്നത്തേക്ക് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കും എന്ന് വിശദമാക്കാമോ? | (സി) | 05.05.2021-ലെ S.O. 1736(E) നോട്ടിഫിക്കേഷൻ പ്രകാരം, 01.06.2021 മുതൽ UDID CARD PORTAL (https://www.swavlambancard.gov.in) വഴി മാത്രമേ ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഭിന്നശേഷി സർട്ടിഫിക്കറ്റിനായി അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതുണ്ട്. അതിനാൽ 2015-ലെ സർവ്വേ പ്രകാരം കണ്ടെത്തിയ ഭിന്നശേഷിക്കാരിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ ഈ പോർട്ടൽ മുഖേന ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ ആഭിമുഖ്യത്തിൽ ആശുപത്രികൾ കേന്ദ്രീകരിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്ന ക്യാമ്പുകൾ വഴിയും മെഡിക്കൽ ബോർഡ് കൂടി ആർ.പി.ഡബ്ല്യൂ.ഡി. |

| | | | |
|---|---|---|---|
| | | | ആക്ട് 2016 മാനദണ്ഡങ്ങൾക്ക് അനുസരിച്ച സർട്ടിഫിക്കറ്റ് നൽകി വരുന്നു.<br><br>അഞ്ചൽ - 12, ഏരൂർ - 16, കുളത്തൂപ്പുഴ - 18, ആര്യൻകാവ് - 4, തെന്മല - 3, കരവാളൂർ - 2, ഇടമുളക്കൽ - 5, പുനലൂർ നഗരസഭ – 36 അപേക്ഷകളാണ് 27.02.2023 വരെ പുനലൂർ നിയോജക മണ്ഡലത്തിൽ നിന്നും UDID വെബ് സൈറ്റിൽ ലഭിച്ചിട്ടുള്ളത്. ഇവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ